## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1767

14.07.2016 -ൽ മറുപടിയ്ക്ക്

### പേപ്പാറ ഡാമിന്റെ ടൂറിസം സാധ്യതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ : | | ശ്രീ.എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) | |
| [എ] | തിരുവനന്തപുരത്തെ പേപ്പാറ ഡാമിൽ ടൂറിസത്തിന് വലിയ സാധ്യതകൾ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | [എ] | ഉണ്ട്. |
| [ബി] | പേപ്പാറ ഡാമിൽ എത്തിച്ചേരുന്ന സന്ദർശകർ മതിയായ സൗകര്യങ്ങൾ ഇല്ലായെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ; | [ബി] | ഉണ്ട്. ആയതിലേക്ക് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | കഴിഞ്ഞ സർക്കാർ, ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് ഡാമിന്റെ സൗന്ദര്യ -<br>- വത്കരണത്തിനായി എന്തെങ്കിലും പ്രോജക്ടുകൾ പരിഗണിച്ചിരുന്നോ; ഇതിന്റെ തുടർനടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പേപ്പാറ ഡാം സൈറ്റ് വികസിപ്പിക്കുന്നതിനായി ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് കേരള വാട്ടർ അതോറിറ്റി 24 മാസത്തിനകം പദ്ധതി നടപ്പാക്കണമെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ സമയബന്ധിതമായി പദ്ധതി ആരംഭിക്കാത്തതിനാൽ കേന്ദ്ര സർക്കാർ പദ്ധതി ഉപേക്ഷിക്കുകയും പദ്ധതിക്കനുവദിച്ച തുകയുടെ ഒരു ഭാഗം മറ്റൊരു പദ്ധതിക്കായി അനുവദിക്കുകയും |

ബാക്കി തുക കേന്ദ്ര സർക്കാരിന് തിരിച്ച് നൽകുകയും ചെയ്തു. തീർത്തും കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു വിഭാവനം ചെയ്തിരുന്നത് എന്നതിനാൽ ടൂറിസം വകുപ്പും പദ്ധതി ഉപേക്ഷിച്ചു.

സെക്ഷൻ ഓഫീസർ